05.05.2025

**ഷോർട്ട് ക്വട്ടേഷൻ**

കമ്പനിയിലെ 0.25 kw മുതൽ 250 kw വരെയുള്ള കേടുവന്ന 3 phase induction type AC മോട്ടറുകൾ/Ceiling & Exhaust ഫാനുകൾ Class 'F' insulation നോടു കൂടിയ കോപ്പർ wire ഉപയോഗിച്ച് റീ വൈൻഡിംങ് ചെയ്യുന്നതിന് 2 വർഷത്തേക്ക് ഷോർട്ട് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

**ചെയ്യേണ്ട ജോലികൾ**

1. Stator അഴിച്ചെടുത്ത് കേടുവന്ന/ കത്തിപ്പോയ winding നീക്കം ചെയ്തതിനു ശേഷം Stator വൃത്തിയാക്കുക.
2. മോട്ടറുകൾ/ഫാനുകൾ എന്നിവയുടെ യഥാർത്ഥ നിർമാതാക്കളുടെ രൂപ വിശേഷണം (specifications / standards) പ്രകാരമുള്ള കോപ്പർ വയർ ഉപയോഗിച്ച് re-winding ചെയ്യുക.
3. Re-winding ചെയ്ത മോട്ടോറുകൾ/ഫാനുകൾക്ക് കുറഞ്ഞത് 6 മാസം വാറന്റി ഉണ്ടായിരിക്കേണ്ടതാണ്.
4. കേടുവന്ന മോട്ടോറുകൾ/ഫാനുകൾ എന്നിവ ശരിയാക്കുന്നതിന് കമ്പനിയിൽ നിന്നും കൊണ്ടുപോകുന്നതിനും ശരിയാക്കിയതിനു ശേഷം തിരിച്ചു കൊണ്ടുവരുന്നതിനും ഉള്ള ചിലവ് കരാറുകാരൻ വഹിക്കേണ്ടതാണ്.

ദർഘാസ് ഫോറം കമ്പനി വെബ്സൈറ്റിൽ (www.keralafeeds.com) നിന്നും ലഭ്യമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയ്യതി 21.05.2025 ന് 2.00 PM. അന്നേ ദിവസം ഉച്ചതിരിഞ്ഞ് 2.30 PM ക്വട്ടേഷൻ തുറക്കുന്നതായിരിക്കും. ദർഘാസ് ഫോറത്തിന്റെയും നിരതദ്രവ്യ ത്തിന്റെയും തുക (₹.224 (including GST) + ₹. 1000/-) കമ്പനിയിൽ ഒന്നിച്ചോ, വേവ്വേറെയോ അടച്ചതിന്റെ രസീത് ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ് അല്ലാത്ത പക്ഷം ക്വട്ടേഷൻ നിരസിക്കുന്നതായിരിക്കും (മേൽപറഞ്ഞ തുക online സംവിധാനം വഴി അടയ്ക്കുന്നവർ കൂടുതൽ വിവരങ്ങൾക്കായി പ്രൊഡക്ഷൻ&മെയ്ന്റനൻസ് ഡിപ്പാർട്ട്മെൻറുമായി ബന്ധപ്പെടുക). കേരളാഫീഡ്സ് ജീവനക്കാരോ, ലോഡിംങ്/അൺലോഡിംങ് ജീവനക്കാരോ ഈ ക്വട്ടേഷനിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

വർക്ക് ഓർഡർ ലഭിക്കുന്നവർ നിർബന്ധമായും PF / ESI അടച്ചിരിക്കേണ്ടതും ആയതിന്റെ രസീത് കാണിക്കേണ്ടതും അല്ലാത്ത പക്ഷം അവരുടെ പക്കൽ നിന്നും ആനുപാതികമായി തുക പിടിക്കുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടേണ്ടതുമാണ്.

*(ഒപ്പ്)*
*മാനേജിംഗ് ഡയറക്ടർ*

| | |
|---|---|
| | **കേരള ഫീഡ്സ് ലിമിറ്റഡ്**<br>**(ഒരു കേരള സർക്കാർ സ്ഥാപനം)**<br>**കല്ലേറ്റും കര, തൃശ്ശൂർ ജില്ല.**<br>**പിൻ 680 683**<br>**ഫോൺ : 0480-2720179,2720192,2725294,2723685**<br>**ഫാക്സ് : 04802720194** |

05.05.2025

**<u>ലഘുദർഘാസ്</u>**

കമ്പനിയിലെ 0.25 kw മുതൽ 250 kw വരെയുള്ള കേടുവന്ന 3 **phase induction type AC** മോട്ടറുകൾ/**Ceiling & Exhaust** ഫാനുകൾ Class 'F' insulation നോടു കൂടിയ കോപ്പർ wire ഉപയോഗിച്ച് റീ വൈൻഡിംങ് ചെയ്യുന്നതിന് 2 വർഷത്തേക്ക് ഷോർട്ട് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് ഫോറം ലഭി ക്കുന്ന തിയതി : 06.05.2025 മുതൽ 21.05.2025

ദർഘാസ് സമർപ്പിക്കേണ്ട അവസാന തിയതി : 21.05.2025, 2.00 മണി

ദർഘാസുകൾ തുറക്കുന്ന തിയതി : 21.05.2025, 2.30 മണി

ദർഘാസ് സമർപ്പിക്കുന്ന ആളുടെ പേര് :

വിലാസം :

ഫോൺ :

**ദർഘാസുകാരന്റെ പേര്, ഒപ്പ്**

**കേരള ഫീഡ്സ് ലിമിറ്റഡ്**
**(ഒരു കേരള സർക്കാർ സ്ഥാപനം)**
**കല്ലേറ്റും കര, തൃശ്ശൂർ ജില്ല.**
**പിൻ 680 683**
**ഫോൺ : 0480-2720179,2720192,2725294,2723685**
**ഫാക്സ് : 04802720194**

05.05.2025

## ലഘുദർഘാസ്

കമ്പനിയിലെ 0.25 kw മുതൽ 250 kw വരെയുള്ള കേടുവന്ന 3 phase induction type AC മോട്ടറുകൾ / Ceiling & Exhaust ഫാനുകൾ Class 'F' insulation നോടു കൂടിയ കോപ്പർ wire ഉപയോഗിച്ച് റീ വൈൻഡിംങ് ചെയ്യുന്നതിന് 2 വർഷത്തേക്ക് ഷോർട്ട് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

## ദർഘാസ് സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ

### 1. നിരതദ്രവ്യത്തെ സംബന്ധിച്ച്

1. ദർഘാസ് സമർപ്പിക്കുന്ന കരാറുകാരൻ 1000/-രൂപ നിരതദ്രവ്യമായി നൽകേണ്ടതാണ്. നിരതദ്രവ്യം സമർപ്പിക്കാത്ത ദർഘാസുകൾ കമ്പനി പരിഗണിക്കുന്നതല്ല.
2. ദർഘാസിൽ കരാർ ലഭിക്കാത്തവർക്ക് നിരതദ്രവ്യത്തുക മടക്കി നൽകുന്നത് ദർഘാസ് ലഭിച്ചയാൾക്ക് വർക്ക് ഓർഡർ നൽകിയ ശേഷമായിരിക്കും.
3. നിരതദ്രവ്യത്തിന് കമ്പനി പലിശ നൽകുന്നതല്ല.

### 2. യോഗ്യതയ്ക്കുള്ള മാനദണ്ഡങ്ങൾ

1. കരാറുകാരൻ കോട്ട് ചെയ്യുന്ന മോട്ടോറുകളിൽ ഏറ്റവും rating കൂടിയ മോട്ടോറിന്, തുല്യമോ അഥവാ ഉയർന്നതോ ആയ rating ഉള്ള മോട്ടോറുകളുടെയോ/ ഫാനുകളുടെയോ re-winding വർക്കുകൾ, കഴിഞ്ഞ 3 വർഷത്തിനുള്ളിൽ, ചെയ്തിട്ടുള്ള പരിചയം കരാറുകാരന് ഉണ്ടായിരിക്കേണ്ടതാണ്.

### 3. ദർഘാസിനൊപ്പം കരാറുകാരൻ സമർപ്പിക്കേണ്ട രേഖകൾ

1. മുൻ പരിചയം തെളിയിക്കുന്ന രേഖകൾ
2. നിരതദ്രവ്യം അടച്ച രസീതിന്റെ പകർപ്പ്
3. ജി.എസ്.ടി രെജിസ്ട്രേഷന്റെ പകർപ്പ് (ഉണ്ടെങ്കിൽ), (ഇല്ലെങ്കിൽ ജി എസ് ടി ഇല്ല എന്നു പറഞ്ഞിട്ടുള്ള സത്യവാങ്മൂലം)
4. പാൻ കാർഡിന്റെ പകർപ്പ്
5. സത്യവാങ്മൂലം (അനുബന്ധം – 2)

**4. <u>നിരക്കിനെ സംബന്ധിച്ച്</u>** (അനുബന്ധം – 1)

1. തുക കോട്ട് ചെയ്യേണ്ടത് ഓരോ മോട്ടറുകൾക്ക് / ഫാനുകൾക്ക് എന്ന നിരക്കിലും കമ്പനിയിൽ നിന്ന് ഷോപ്പിലേയ്ക്കും തിരിച്ചും ഉള്ള Transportation ഉൾപ്പെടെ ആയിരിക്കണം.
2. കരാറുകാരനെ (L1) നിശ്ചയിക്കുന്നത് ഓരോ മോട്ടറിന്റെ / ഫാനിന്റെ തുകയുടെ (GST ഉൾപ്പെടെ, (ഉണ്ടെങ്കിൽ) കുറവിന്റെ അടിസ്ഥാനത്തിലായിരിക്കും
3. കോട്ട് ചെയ്യുന്ന നിരക്കിൽ രണ്ട് വർഷത്തേക്ക് മാറ്റമുണ്ടായിരിക്കുന്നതല്ല.
4. നിരക്കുകൾ നൽകേണ്ടത് പി.എഫ്, ഇസ്.ഐ ഉൾപ്പെടെ എല്ലാ നികുതികളും, ജി.എസ്.ടി ഉൾപ്പെടെ ഏതൊക്കെ ടാക്സുകളും ആവശ്യമാണോ അതെല്ലാം ഉൾപ്പെടെയുള്ള നിരക്കായിരിക്കണം നൽകേണ്ടത്.

**5. <u>കരുതൽ ധനം</u>**

1. വർക്ക് ഓർഡറിൽ നൽകിയിട്ടുള്ള മോട്ടോറുകളിൽ, **Category-I** ൽ പെടുന്ന ഫാനുകൾക്ക് **1000** രൂപയും, **Category-II** ൽ പെടുന്ന മോട്ടോറുകൾക്ക് **5000** രൂപയും, **Category-III, IV, V** എന്നീ **Category** യിൽ പെടുന്ന മോട്ടോറുകൾക്ക് **8000** രൂപയും, കരുതൽ ധനമായി വർക്ക് ഓർഡർ കൈ പറ്റി രണ്ടു ആഴ്ചക്കുള്ളിൽ കരാറുകാരൻ അടക്കേണ്ടതാണ്.
2. ഈ തുക കരാറിന്റെ കാലാവധി തീരുന്ന മുറയ്ക്ക് തിരികെ നൽകുന്നതായിരിക്കും. കരുതൽ ധനത്തിന് കമ്പനി പലിശ നൽകുന്നതല്ല.
3. കരാറുകാരന്റെ നിരതദ്രവ്യം കരുതൽ ധനത്തിലേക്ക് മാറ്റാവുന്നതാണ്.
4. കരാറുകാരന്റെ പ്രവൃത്തികൾ തൃപ്തികരമല്ലാത്ത പക്ഷം മുന്നറിയിപ്പ് കൂടാതെ തന്നെ കരാർ റദ്ദ് ചെയ്യുന്നതും കരുതൽ ധനം കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു മാസത്തിൽ കുറയാത്ത കാലയളവിൽ നോട്ടീസു നല്കി കരാർ അവസാനിപ്പിക്കുന്നതിനും കമ്പനിക്ക് അധികാരമുണ്ടായിരിക്കും.

**6. <u>വർക്കിനെ സംബന്ധിച്ച്</u>**

1. **Stator** അഴിച്ചെടുത്ത് കേടുവന്ന/ കത്തിപ്പോയ **winding** നീക്കം ചെയ്തതിനു ശേഷം **Stator** വൃത്തിയാക്കുക.
2. മോട്ടറുകൾ/ഫാനുകൾ എന്നിവയുടെ യഥാർത്ഥ നിർമാതാക്കളുടെ രൂപ വിശേഷണം **(specifications/standards)** പ്രകാരമുള്ള കോപ്പർ വയർ ഉപയോഗിച്ച് **re-winding** ചെയ്യുക.
3. **Winding** കളിൽ ഗുണനിലവാരമുള്ള വാർണിഷ് **coat** ചെയ്യുക.
4. **Bearing** കൾ **greasing** ചെയ്തതിനു ശേഷം **assembling** ചെയ്യുക.
5. **Re-winding** ചെയ്ത മോട്ടോറുകൾ/ഫാനുകൾക്ക് കുറഞ്ഞത് **6** മാസം വാറന്റി ഉണ്ടായിരിക്കേണ്ടതാണ്.

6. കേടുവന്ന മോട്ടോറുകൾ/ഫാനുകൾ എന്നിവ ശരിയാക്കുന്നതിന് കമ്പനിയിൽ നിന്നും കൊണ്ടുപോകുന്നതിനും ശരിയാക്കിയതിനു ശേഷം തിരിച്ചു കൊണ്ടുവരുന്നതിനും ഉള്ള ചിലവ് കരാറുകാരൻ വഹിക്കേണ്ടതാണ്.
7. Winding ഒഴിച്ച് mechanical ജോലികൾ അധികമായി ചെയ്യേണ്ടിവരുകയാണെങ്കിൽ അതിനുള്ള തുക കമ്പനി നല്കുന്നതാണ്. Cooling fan, Terminal box, Bearings തുടങ്ങിയ spare കൾ മാറ്റേണ്ടി വരുകയാണെങ്കിൽ ടി spare കൾ കമ്പനി നൽകുകയോ അല്ലെങ്കിൽ ഇതിനു ചിലവായ തുക കമ്പനി നൽകുകയോ ചെയ്യുന്നതാണ്. (മാറ്റിയ spare കൾ തിരിച്ചേല്പ്പിക്കേണ്ടതാണ്)
8. കേടുവന്ന മോട്ടോറുകൾ/ഫാനുകൾ എന്നിവയിൽ നിന്നും നീക്കം ചെയ്യുന്ന കോപ്പർ വയറുകൾ കരാറുകാരന് എടുക്കാവുന്നതാണ്.
9. Work നെ സംബന്ധിച്ചു കത്ത് / ഫോൺ മുഖേന അറിയിപ്പ് കിട്ടി 3 പ്രവർത്തി ദിവസത്തിനുള്ളിൽ കമ്പനിയിൽ വന്നു കൊണ്ടുപോകേണ്ടതാണ്.
10. Category-1 & 2 (അനുബന്ധം -1) ൽ പെടുന്ന ഫാനുകൾ/മോട്ടോറുകൾ, ഒരു ആഴ്ച ക്കുള്ളിലും, category-3 (അനുബന്ധം -1) ൽ പെട്ടവ 2 ആഴ്ചക്കുള്ളിലും, category-4,5 (അനുബന്ധം -1) ൽ പെട്ടവ 3 ആഴ്ചക്കുള്ളിലും ശരിയാക്കി തിരിച്ചേല്പിക്കേണ്ടതാണ്. (അടിയന്തിര ഘട്ടങ്ങളിൽ കമ്പനി ആവശ്യപ്പെടുന്ന പക്ഷം കമ്പനി അറിയിക്കുന്ന ദിവസത്തിനുള്ളിൽ re-winding ചെയ്തു മോട്ടോർ /ഫാൻ തിരിച്ചു ഏല്പിക്കേണ്ടതാണ്)
11. കമ്പനി അറിയിക്കുന്ന ദിവസത്തിനുള്ളിൽ വർക്ക് പൂർത്തിയാക്കുവാൻ കരാറുകാരന് കഴിഞ്ഞില്ലെങ്കിൽ, കരാറുകാരന്റെ ബില്ലിൽ നിന്നും ഓരോ ആഴ്ചയ്ക്കും re-winding തുകയുടെ 0.5% എന്ന നിരക്കിൽ പിഴ ഈടാക്കുന്നതായിരിക്കും.
12. മോട്ടോർ /ഫാൻ ശരിയാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കമ്പനി ആ ജോലി ചെയ്യിക്കുകയും അതിനു ചിലവാകുന്ന തുക കരാറുകാരൻെറ, കരുതൽ ധനത്തിൽ നിന്നോ മറ്റ് എതെങ്കിലും സ്രോതസ്സിൽ നിന്നോ ഈടാക്കുന്നതാണ്. ഇതിനുള്ള അധികാരം കമ്പനിക്കുണ്ടായിരിക്കും.
13. കരാറിൽ സൂചിപ്പിച്ച എല്ലാ ജോലികളും ചെയ്യുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാർപ്പുറമെ കമ്പനിക്കുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതും ആകുന്നു.

## 7. കരാറിന്റെ കാലാവധി

കരാറിന്റെ കാലാവധി രണ്ടു വർഷത്തേക്കായിരിക്കും.

## 8. മെയിൻെറനൻസും ഗ്യാരണ്ടിയും

1. Re-winding ചെയ്ത മോട്ടോറുകൾ/ഫാനുകൾക്ക് കുറഞ്ഞത് 6 മാസം ഗ്യാരണ്ടി ഉണ്ടായിരിക്കേണ്ടതാണ്.
2. കരാറുകാരൻ നൽകുന്ന ബില്ലിൽ നിന്നും Performance Guarantee യുടെ ഭാഗമായി 10

ശതമാനം തുക Retention Amount ആയി കമ്പനി പിടിച്ചു വയ്ക്കുന്നതായിരിക്കും. പ്രസ്തുത തുക ഗ്യാരണ്ടി കാലാവധിക്കുശേഷം തിരികെ നൽകുന്നതുമായിരിക്കും. (Retention തുകയ്ക്ക് കമ്പനി പലിശ നൽകുന്നതല്ല.)

3. ഗ്യാരണ്ടി കാലാവധിയ്ക്കുള്ളിൽ ഏതെങ്കിലും തരത്തിലുള്ള കേടുപാടുകൾ ഉണ്ടാകുന്ന പക്ഷം കരാറുകാരൻ സ്വന്തം ചിലവിൽ കമ്പനി പറഞ്ഞ സമയപരിധിക്കുള്ളിൽ ശരിയാക്കി തരേണ്ടതാണ്.
4. ഗ്യാരണ്ടി കാലാവധിയിൽ ഏതെങ്കിലും തരത്തിൽ ജോലിചെയ്യേണ്ടി വരുകയോ, സാധനസാമഗ്രികൾ മാറ്റേണ്ടിവരുകയോ, ശരിയാക്കുകയോ ചെയ്യേണ്ടി വന്നാൽ, മാറ്റം വരുത്തിയ തിയ്യതി അല്ലെങ്കിൽ ശരിയാക്കിയ തിയ്യതി മുതൽ ഗ്യാരണ്ടി കാലാവധി 6 മാസമോ നിലവിലുള്ള 6 മാസമോ ഏതാണോ അവസാനം വരുന്നത് അന്നുവരെ ഗ്യാരണ്ടി ഉണ്ടായിരിക്കുന്നതാണ്.

## 9. പ്രതിഫലത്തെ സംബന്ധിച്ച്

1. വർക്ക് തൃപ്തികരമായി പൂർത്തിയാക്കിയതിനു ശേഷം ബിൽ സമർപ്പിച്ച് 10 ദിവസത്തിനകം നിയമാനുസൃതമായ തുകകളും, മോട്ടോറുകൾ ശരിയാക്കി തിരികെ തരുന്നതിൽ കാലതാമസം വരുത്തുകയാണെങ്കിൽ ഉണ്ടാകുന്ന പിഴയും (ഓരോ ആഴ്ചയ്ക്കും **re-winding** തുകയുടെ **0.5%** എന്ന നിരക്കിൽ), കിഴിവു വരുത്തിയതിനു ശേഷം നൽകുന്നതായിരിക്കും.
2. കരാറുകാരൻ നൽകുന്ന ബില്ലിൽ നിന്നും Performance Guarantee യുടെ ഭാഗമായി 10 ശതമാനം തുക Retention Amount ആയി കമ്പനി പിടിച്ചു വയ്ക്കുന്നതായിരിക്കും. പ്രസ്തുത തുക ഗ്യാരണ്ടി കാലാവധിക്കുശേഷം തിരികെ നൽകുന്നതുമായിരിക്കും. (Retention തുകയ്ക്ക് കമ്പനി പലിശ നൽകുന്നതല്ല.)

## 10. അപകടങ്ങളെ സംബന്ധിച്ച്

ജോലി സ്ഥലത്തുണ്ടാകുന്ന അപകടങ്ങൾക്ക് ഉത്തരവാദിത്വം കരാറുകാരൻ മാത്രമായിരിക്കും. കരാറുകാരനോ അയാൾ ഏർപ്പെടുത്തുന്ന തൊഴിലാളിക്കോ സംഭവിക്കുന്ന അപകടങ്ങൾക്കും മറ്റും കമ്പനി യാതൊരു ഉത്തരവാദിത്വവും ഏറ്റെടുക്കുന്നതല്ല. ജോലി സമയത്തുണ്ടാകുന്ന സുരക്ഷാ വീഴ്ച്ചകൾക്കും അതുമൂലം സംഭവിക്കുന്ന അപകടങ്ങൾക്കും, നാശനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയാണ് കമ്പനിയ്ക്ക് ഇതിൽ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. മേൽ പറഞ്ഞ കാര്യങ്ങൾ മൂലം ഏതെങ്കിലും രീതിയിലുള്ള നാശനഷ്ടങ്ങൾ കമ്പനിയ്ക്കൊ, കമ്പനിയിലെ ജീവനക്കാർക്കൊ, കരാറുകാരൻെറ ജീവനക്കാർക്കൊ, മറ്റേതെങ്കിലും ആളുകൾക്കൊ ഉണ്ടാകുകയാണെങ്കിൽ കരാറുകാരൻ അതിനുള്ള നഷ്ടപരിഹാരം നൽകേണ്ടതാണ്. കരാറുകാരന്റെ തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ നൽകേണ്ടതും, ജോലി സമയത്ത് സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്വമായിരിക്കും കൂടാതെ കരാറുകാരൻ തൊഴിലാളികൾക്ക് അവശ്യമായ രെജിസ്ട്രഷൻ, ഇൻഷൂറൻസ് കവറേജ് എന്നിവ എടുക്കേണ്ടതും കേരള സംസ്ഥാന സർക്കാരുകളുടെ നിയമപ്രകാരമുള്ള തൊഴിലാളി ക്ഷേമ നിധി ഫണ്ടുകൾ യഥാസമയം അടക്കേണ്ടതുമാണ്.

11. **പൊതുവായ മാനദണ്ഡങ്ങളും നിബന്ധനകളും**

1. കേരള ഫീഡ്സിലെ ജീവനക്കാരൊ, ലോഡിംഗ് അൺലോഡിംഗ് വിഭാഗത്തിലെ ജീവനക്കാരൊ അവരുടെ അടുത്ത ബന്ധുക്കളോ ദർഘാസിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല.
2. കരാറുക്കാരന്റെ ജോലികളിൽ നേരിട്ടോ അല്ലാതെയോ പങ്കെടുക്കുന്ന എല്ലാ ജോലിക്കാരുടെയും ആരോഗ്യം, വേതനം, സുരക്ഷ,വെൽഫെയർ, നഷ്ടപരിഹാരം എന്നിവയെ സംബന്ധിച്ചുള്ള കേന്ദ്ര സംസ്ഥാന സർക്കാരുടെയും മറ്റ് ചട്ടപ്രകാരമുള്ള മറ്റ് ഏജൻസികൾ എന്നിവയുടെയും നിയമങ്ങൾ കരാറുക്കാരൻ നിർബന്ധമായും പാലിക്കേണ്ടതാണ്.
3. ടെണ്ടർ നടപടിക്രമങ്ങൾക്കുള്ള സമയം പരിഗണിച്ചുകൊണ്ട് ദർഘാസ് തുറന്നതിനു ശേഷം 90 ദിവസത്തേക്ക് തന്നിരിക്കുന്ന ദർഘാസുകൾക്ക് സാധുതയുണ്ടായിരിക്കേണ്ടതാണ്.
4. ദർഘാസിലെ വ്യവസ്ഥകൾ ഭേദഗതി വരുത്തുന്നതിനും കൂട്ടി ചേർക്കുന്നതിനും നീക്കം ചെയ്യുന്നതിനും ദർഘാസ് ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുന്നതിനും നിരക്കുകൾ സംബന്ധിച്ച് ദർഘാസുകാരുമായി കൂടിയാലോചന നടത്തുന്നതിനുമുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും. ഇത്തരണത്തിൽ കരാറുകാരന് യാതൊരുവിധ നഷ്ടപരിഹാരത്തിനും അവകാശമുണ്ടായിരിക്കുന്നതല്ല.
5. കമ്പനിയിൽ ജോലി ചെയ്യുന്ന കരാറുകാരന്റെ തൊഴിലാളികളുമായി കേരളാഫീഡ്സ് ലിമിറ്റഡിന് തൊഴിൽ ദാതാവ്, തൊഴിലാളി എന്ന ബന്ധമുായിരിക്കുന്നതല്ല. കരാറു കാരന്റെ തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾക്ക് (ഇ.എസ്.ഐ, പി.എ ഫ് മുതലായവ) കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതും അതിലെന്തെ ങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ആനുപാതികമായ തുക കരാറുകാരനിൽ നിന്നും കമ്പനി ഈടാക്കുന്നതായിരിക്കും. കമ്പനി ആവശ്യപ്പെടുന്ന പക്ഷം കരാറുകാരന്റെ തൊഴിലാളികളുടെ നിയമപരമായ എല്ലാ പണമിടപാടുകളുടെയും രേഖകൾ ഹാജരാ ക്കേതാണ്.
6. കോൺടാക്ട് (ലേബർ റെഗുലേഷൻ & അബോളിഷൻ) ആക്റ്റിലെയും Minimum Wages Actലേയും വ്യവസ്ഥകളും പാലിക്കേണ്ടതു് കരാറുകാരന്റെ ബാധ്യതയാകുന്നു. അതുപോലെ മറ്റു ബാധകമായ തൊഴിൽ നിയമങ്ങളും, വ്യവസ്ഥകളും, ചട്ടങ്ങളും പാലിക്കുവാൻ കരാറുകാരന് ബാധ്യതയുണ്ട്. തൊഴിലാളികൾ സുരക്ഷാസാമഗ്രികൾ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേതും ആയത് കമ്പനിയിലെ നിർദ്ദിഷ്ട ഉദ്യോഗസ്ഥ നെ അറിയിക്കേണ്ടതും പ്രസ്തുതകരാറുകാന്റെ ഉത്തരവാദിത്വമായിരിക്കും.
7. കരാറുകാരന്റെ പ്രവൃത്തികൾ തൃപ്തികരമല്ലാത്ത പക്ഷം മുന്നറിയിപ്പ് കൂടാതെ തന്നെ കരാർ റദ്ദു ചെയ്യുന്നതും കരുതൽ ധനം കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ഒരു മാസത്തിൽ കുറയാത്ത കാലയളവിൽ നോട്ടീസു നല്കി കരാർ അവസാനിപ്പിക്കുന്നതിനും

കമ്പനിക്ക് അധികാരമുണ്ടായിരിക്കും.

8. പ്രസ്തുത കരാറിനെ സംബന്ധിക്കുന്ന എല്ലാ നിയമപരമായ നടപടികളുടെയും പരിധി ഇരിങ്ങാലക്കുട മുൻസിഫ് കോടതിയിലായിരിക്കും.

9. മേൽപറഞ്ഞ ജോലികളിൽ മുൻപരിചയമുള്ള വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നും, പൂരിപ്പിച്ച ക്വട്ടേഷനുകൾ 21.05.2025 ന് 2.00pm നുള്ളിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 2.30 pm ന് തുറക്കുന്നതായിരിക്കും. നിശ്ചിത സമയത്തിന് ശേഷം നൽകുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

10. ഇതുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങൾക്കും പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടേണ്ടതാണ്.

***ഒപ്പ്***

**മാനേജിംങ് ഡയറക്ടർ**

കേരള ഫീഡ്സ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
കല്ലേറ്റും കര, തൃശ്ശൂർ ജില്ല.
പിൻ 680 683
ഫോൺ : 0480-2720179,2720192,2725294,2723685
ഫാക്സ് : 04802720194

അനുബന്ധം - I

# AFFIDAVIT

((To be given separately by each constituent firm in the case of Partners / Associates)

1. I, the undersigned do hereby certify that all the statements made in the attachments are true and correct.
2. The undersigned understands and agrees that further qualifying information may be requested, and agrees to furnish any such information at the request of KFL.
3. The undersigned also hereby authorize KFL and their authorized representative to conduct any inquiries or investigation to verify the statements, documents and information submitted in connection with this application, and to seek clarification from our bankers and KFL regarding any finical and technical capability. This will also serve as authorization to KFL representative to contract in person or otherwise, any individual or authorized representative of any institution referred to in the supporting information and obtain such information as may be required by him to verify statements and information provided in this application, or with regard to the resources, experience and competence.
4. The undersigned understands that furnishing of false information could result in my disqualification.
5. The undersigned also hereby commit that I am not a KFL Employee / Loading / Unloading worker. I also I am not an immediate relative of any of the above mentioned people.
6. The undersigned also hereby commit that undersigned has fully read and understood the tender document in full and hereby agrees to abide with the conditions of contract and all other specifications, requirements of the contract.

Name & Signature of Bidder :

കേരള ഫീഡ്സ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
കല്ലേറ്റും കര, തൃശ്ശൂർ ജില്ല.
പിൻ 680 683
ഫോൺ : 0480-2720179,2720192,2725294,2723685
ഫാക്സ് : 04802720194

അനുബന്ധം – **II**

| Sl. No. | Category | Power (kW) | rpm | Class of insulation | Rate (₹.) |
|---|---|---|---|---|---|
| 1 | I | Ceiling fan | (small size) | 'F' | |
| 2 | | Ceiling fan | (Big size) | 'F' | |
| 3 | | Exhaust fan | Small type | 'F' | |
| 4 | | Exhaust fan | Big type | 'F' | |
| 5 | II | 0.25 | 1000 | 'F' | |
| 6 | | 0.37 | 910 | 'F' | |
| 7 | | 0.75 | 1390 | 'F' | |
| 8 | | 1.1 | 1415 | 'F' | |
| 9 | | 1.5 | 925 | 'F' | |
| 10 | | 1.5 | 1420 | 'F' | |
| 11 | | 2.2 | 1425 | 'F' | |
| 12 | | 3.7 | 1420 | 'F' | |
| 13 | | 3.7 | 2830 | 'F' | |
| 14 | | 4 | 1440 | 'F' | |
| 15 | | 4 | 2875 | 'F' | |
| 16 | | 5.5 | 1420 | 'F' | |
| 17 | | 5.5 | 2875 | 'F' | |
| 18 | III | 7.5 | 1440 | 'F' | |
| 19 | | 7.5 | 2800 | 'F' | |
| 20 | | 9.2 | 1450 | 'F' | |
| 21 | | 11 | 1450 | 'F' | |
| 22 | | 15 | 1450 | 'F' | |
| 23 | | 22 | 1460 | 'F' | |
| 24 | | 30 | 1485/1765 | 'F' | |
| 25 | | 45 | 1465 | 'F' | |
| 26 | IV | 132 | 2980 | 'F' | |
| 27 | | 160 | 2980 | 'F' | |
| 28 | V | 250 | 988 | 'F' | |